KOLLAM CITY POLICE
www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
Dated : 13/ 02/ 2018

# കൊല്ലം സിറ്റി പോലീസിന് കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസ്സോസ്സിയേഷന്റെ അനുമോദനം :

കൊല്ലം : വെസ്റ്റ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നിന്നും ബിസിനസ്സുകാരനായ പുന്നത്തല, നളന്താനഗർ-5, കോലത്തുവീട്ടിൽ കൊച്ചുണ്ണി മകൻ റോയിയെ തട്ടിക്കൊണ്ടു പോകുകയും സംഭവത്തിൽ വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം 76/2018 രജിസ്റ്റർ ചെയ്ത കേസ്സിൽ ഉൾപ്പെട്ട കുറ്റവാളികളെ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ: ശ്രീനിവാസ് ഐ.പി.എസ്സിന്റെ നേതൃത്വത്തിൽ തന്ത്രപരമായി പോലീസ് സംഘാംഗങ്ങൾ വലയിലാക്കിയത്.



ചവറ പന്മന വില്ലേജിൽ മനയിൽമുറിയിൽ കോട്ടപ്പുറത്ത് പുത്തൻ വീട്ടിൽ ഷംസുദ്ദീൻ കുഞ്ഞ് മകൻ റോയിസ് ഖാൻ (42), ചവറ പന്മന വില്ലേജിൽ മനയിൽമുറിയിൽ തയ്യിൽ പടിഞ്ഞാറ്റതിൽ തോട്ടപ്പുറത്ത് വീട്ടിൽ റഷീദ് മകൻ നാദിർഷ (34), ചവറ പന്മന വില്ലേജിൽ മാവേലിമുറിയിൽ കോയിത്തറ വീട്ടിൽ അബ്ദുൾറഹിം മകൻ മുഹമ്മദ് റഷീദ് (32), ചവറ പന്മന വില്ലേജിൽ കോലംമുറിയിൽ നിഷാദ് മൻസിലിൽ നസീർഖാൻ മകൻ നിസ്സാം (26) എന്നിവരെയാണ് പോലീസ് അറസ്റ്റുചെയ്തത്. ഇവരാണ് ജില്ലയിലും പരിസരപ്രദേശങ്ങളിലും വ്യാപകമായ രീതിയിൽ അക്രമങ്ങൾക്ക് നേതൃത്വം നൽകുകയും കോലത്തുവീട്ടിൽ റോയിയെ തട്ടിക്കൊണ്ടു പോകുകയും സംഭവത്തിൽ സിറ്റി പോലീസ് പ്രതികളെ നിരീക്ഷണത്തിനൊടുവിലാണ് വളരെ തന്ത്രപരമായി പോലീസ് സംഘാംഗങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ വലയിലാക്കിയത്.

കൊല്ലം സിറ്റി പോലീസിന്റെ സമയോചിതമായ ഇടപെടൽ കോലത്തുവീട്ടിൽ റോയിയുടെ മോചനത്തിൽ എത്തിയതിനെ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസ്സോസ്സിയേഷൻ രാമവർമ്മ ക്ലബ്ബിൽ ജില്ലാ പോലീസ് മേധാവി ഡോ: ശ്രീനിവാസ് ഐ.പി.എസ്, കൊല്ലം എ.സി.പി ജോർജ്കോശി, കൊല്ലം വെസ്റ്റ് ഇൻസ്പെക്ടർ ബിജു വി.എസ്സ്, വെസ്റ്റ് പോലീസ് സ്റ്റേഷൻ സേനാംഗങ്ങളേയും അനുമോദിച്ചു.

. .